## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.968 — 07.02.2013 -ൽ മറുപടിയ്ക്ക്

## കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) | |
| (എ) | കോമൺ ആപ്ളിക്കേഷൻ സിസ്റ്റം ഫോർ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | നിലവിൽ കമ്പ്യൂട്ടർവൽകൃത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപയോഗിച്ചുവരുന്ന തൊഴിൽ സോഫ്റ്റ് വെയറിനു പകരം എവിടെ നിന്നും എപ്പോഴും ഡാറ്റാ അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമാക്കുന്നതുമായ NIC യുടെ വെബ് ബേസ്ഡ് സോഫ്റ്റ് വെയറായ CASE – ലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിലൂടെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനം നൽകുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; | (സി) | (1) ഓൺലൈൻ രജിസ്ട്രേഷൻ<br>(2) ഓൺലൈൻ റിന്യൂവൽ<br>(3) ഓൺലൈൻ സർട്ടിഫിക്കറ്റ് ചേർക്കൽ<br>(4) മൊബൈൽനമ്പർ/ഫോൺ നമ്പർ/ഇ.മെയിൽ എന്നിവയിലൂടെ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | റിക്കാർഡിൽ ചേർക്കുക.<br>(5) രജിസ്ട്രേഷൻ റിക്കാർഡുകൾ ഓൺലൈനിൽ നേരിട്ട് കണ്ട് പരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും കഴിയും.<br>(6) രജിസ്ട്രേഷൻ റിക്കാർഡിന്റെ പ്രിന്റൗട്ട് എടുക്കുക.<br>(7) രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിന്റെ പ്രിന്റൗട്ട് എടുക്കുക.<br>(8) നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ കഴിയുക.<br>(9) ഉദ്യോഗദായകർക്ക് ഓൺലൈനിൽ വേക്കൻസി നോട്ടിഫൈ ചെയ്യുവാൻ സാദ്ധ്യമാക്കുക.<br>(10) ഉദ്യോഗദായകർക്ക് ഓൺലൈനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ സാധ്യമാക്കുക.<br>(11) അറിയിക്കപ്പെട്ട ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിവരം ഏവർക്കും കാണുവാൻ തക്കവണ്ണം ലഭ്യമാക്കുക.<br>(12) എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾക്ക് ഓൺലൈനായി റിപ്പോർട്ടുകൾ നൽകുവാനും കൺസോളിഡേറ്റ് ചെയ്യുവാനും സാധ്യമാക്കുക. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്? | (ഡി) | നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) യുടെ ഡൽഹി യൂണിറ്റ്, കേരള ഘടകം എന്നിവയുടെ സഹായത്തോടെയാണ് മേൽ പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ